(ബി) വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാത്ത ഷെഡ്ഡുകൾ കൈവശക്കാരിൽ നിന്നും ഏറ്റെടുത്ത് വ്യവസായം തുടങ്ങാൻ തയ്യാറുള്ള വ്യക്തികൾക്ക് കൈമാറ്റം ചെയ്തുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിഡ്കോയുടെ കീഴിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകളിലെ യൂണിറ്റുകൾ അടച്ചു പൂട്ടിയിട്ടില്ല. ഏതെങ്കിലും യൂണിറ്റ് അടച്ചുപൂട്ടപ്പെട്ടതായി വിവരം ലഭിക്കുമ്പോൾതന്നെ അതിനെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. വ്യവസായ-വാണിജ്യ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാത്ത ഷെഡ്ഡുകൾ കൈവശക്കാരിൽ നിന്നും ഏറ്റെടുത്ത് വ്യവസായം തുടങ്ങാൻ തയ്യാറുള്ള വ്യക്തികൾക്ക് കൈമാറ്റം ചെയ്യുന്നതിന് സിഡ്കോ നടപടി സ്വീകരിക്കുന്നുണ്ട്. വ്യവസായ-വാണിജ്യ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഇങ്ങനെ കൈമാറ്റം ചെയ്യുന്നതിന് നിലവിലെ അലോട്ടിയുടെ അനുവാദം, വ്യവസായം ആരംഭിക്കുവാൻ ഉദ്ദേശിച്ചുവരുന്ന വ്യവസായിയുടെ അപേക്ഷ, ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായത്തിന്റെ പ്രോജക്ട് റിപ്പോർട്ട്, ഇ.എം. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മുതലായവയും നിർദ്ദിഷ്ട പ്രോസസിംഗ് ഫീസും ഈടാക്കിയാണ് സിഡ്കോ വ്യവസായ യൂണിറ്റുകൾ കൈമാറ്റം ചെയ്യുന്നത്.

ബ്രാൻഡ് അംബാസഡറെ നിയമിക്കുന്നതിന് നടപടി

169 (2199) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ ഒരു ബ്രാൻഡ് അംബാസഡറെ നിയമിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ ?

ഉത്തരം

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളിൽ കൈത്തറി തുണിത്തരങ്ങളുടെ 'ഗുഡ് വിൽ' അംബാസിഡറായി പ്രമുഖ സിനിമാതാരം മോഹൻലാലിനെ ജൂൺ 2010-ൽ നിയമിച്ചിട്ടുണ്ട്. കൂടാതെ KSIE യുടെ കീഴിലുള്ള കേരളാ സോപ്സ് യൂണിറ്റിന്റെ എല്ലാ ഉൽപ്പന്നങ്ങളുടെയും ബ്രാന്റ് അംബാസിഡറായി പ്രമുഖ സിനിമാതാരം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കാവ്യമാധവനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

അതാത് കമ്പനികളാണ് അവരവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന തന്ത്രത്തിന്റെ ഭാഗമായി ബ്രാന്റ് അംബാസിഡറുടെ സേവനം എത്രമാത്രം ഫലപ്രദമാണെന്ന് കണ്ടെത്തി നടപടിക്രങ്ങൾ സ്വീകരിക്കേണ്ടത്. പൊതു മേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന് സാദ്ധ്യമായ എല്ലാ പദ്ധതികളും അതിന്റെ പ്രായോഗികതയുടെയും പ്രായോഗികക്ഷമതയുടെയും, പ്രാവർത്തികതയുടെയും അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പരീക്ഷകൾ ഒരു ദിവസം നടത്തുന്നതിനാൽ ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട്

170 (2200) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ ആട്ടോ കാസ്റ്റ്, സ്പിന്നേഴ്സ്,കെ.എസ്.,ഡി.പി. എന്നീ സ്ഥാപനങ്ങളിൽ പുതിയതായി നിയമനം നടത്തുന്നുണ്ടോ ; എങ്കിൽ നിയമനം നടത്തുന്ന രീതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയാണോ നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഉദ്യോഗത്തിനുവേണ്ടി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ അവഗണിച്ചുകൊണ്ട് മറ്റ് ഏജൻസികൾക്ക് ഇതിനുള്ള ചുമതല ഏൽപ്പിക്കുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിക്കുവേണ്ടി അപേക്ഷിച്ചവർക്ക് ലഭിച്ചിരിക്കുന്ന ഹാൾടിക്കറ്റ് പ്രകാരം ഏതെങ്കിലും ഒരു സ്ഥാപനത്തിൽ മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂവെന്നും, ഒരേ സമയത്താണ് മൂന്ന് സ്ഥാപനങ്ങളിലേയും, എഴുത്തുപരീക്ഷ നടത്തുന്നതെന്നതുകൊണ്ട് മൂന്ന് സ്ഥാപനങ്ങളിലും അപേക്ഷിച്ചവർക്ക് മൂന്നിടത്തും പരീക്ഷ എഴുതാൻ ഇപ്പോൾ ലഭിച്ചിരിക്കുന്ന ഹാൾ ടിക്കറ്റ് പ്രകാരം കഴിയാതെ വരുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതുമൂലം ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly